# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -3564 — 14.03.2017 ൽ മറുപടിയ്ക്ക്

## കുട്ടികൾക്കെതിരായുള്ള അധിക്ഷേപം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എസ്.ശർമ്മ | | ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | കുട്ടികൾക്കെതിരായുള്ള അധിക്ഷേപം പ്രത്യേകിച്ച് പെൺകുട്ടികൾക്കെതിരെയുള്ള ലൈംഗിക അധിക്ഷേപ സംഭവങ്ങൾ വർദ്ധിച്ച് വരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇത് തടയാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ; | (ബി) | സ്ത്രീകളുടേയും, കുട്ടികളുടേയും സുരക്ഷയ്ക്കും അവർക്കെതിരെ ഉണ്ടാകുന്ന പീഡനം, അക്രമങ്ങൾ, കുട്ടികൾക്കെതിരെയുള്ള ചൂഷണം, കുട്ടികളെ ദുരുപയോഗം ചെയ്യൽ എന്നിവ തടയുന്നതിനും വേണ്ടി സെമിനാറുകളും, ബോധവൽക്കരണ ക്ലാസുകളും സംഘടിപ്പിച്ചു വരുന്നു. എല്ലാ സ്കൂളുകളിലും പരാതിപ്പെട്ടികൾ സ്ഥാപിച്ചിട്ടുണ്ട്. ജില്ലാ ആസ്ഥാനത്ത് ആന്റി ഹ്യൂമൺ ട്രാഫിക്കിംഗ് സെല്ലും, സ്കൂളുകളിൽ സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പുകളും രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. കുറ്റകൃത്യങ്ങൾക്ക് ഇരയാകുന്ന പെൺകുട്ടികളുടെ സഹായത്തിനായി എല്ലാ പോലീസ് സ്റ്റേഷനുകളിലും വിക്ടിം ലെയ്സൺ ഓഫീസറെ നിയമിച്ച് പ്രവർത്തനം നടത്തി വരുന്നു. കൂടാതെ ബീറ്റ് പട്രോൾ, മൊബൈൽ പട്രോൾ, പിങ്ക് പട്രോൾ തുടങ്ങിയ വിവിധതരം പട്രോളിംഗുകൾ ശക്തമാക്കി എല്ലാ സമയവും പൊതു സ്ഥലങ്ങളിൽ പോലീസ് സാന്നിദ്ധ്യം ഉറപ്പാക്കി സ്ത്രീകളുടേയും കുട്ടികളുടേയും സുരക്ഷ ഉറപ്പാക്കി വരുന്നുണ്ട്. |
| (സി) | ഇത് സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ? | (സി) | ഇത് സംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം വർഷം ജില്ല എന്നിവ തിരിച്ച് അനുബന്ധമായി ചേർത്തിട്ടുണ്ട്. |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

സെക്ഷൻ ഓഫീസർ.